**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **14-09-2023 - ൽ മറുപടിയ്ക്ക്**

**ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനമായ കെ.എഫ്.സി യെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിൽ നിന്ന് 200 കോടി രൂപ മൂലധനമായി ലഭ്യമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനമായ കെ.എസ്.എഫ്.ഇ. യെ ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സമ്പൂർണ്ണ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ നടപടികൾ പുരോഗമിക്കുന്നു. മൊബൈൽ ആപ്പ് 15.09.2023.നകം പുറത്തിറക്കും. ഇതിലൂടെ ഉപഭോക്തൃ സേവനം ശക്തിപ്പെടുത്താൻ കഴിയും. വിവിധ തരത്തിലുള്ള സമ്മാനപദ്ധതികൾ ഉൾപ്പെടുത്തികൊണ്ടുള്ള ചിട്ടി ക്യാംപയിനുകളിലൂടെ വിപുലമായ ഉപഭോക്തൃ അടിത്തറ കെട്ടിപ്പടുക്കുന്നതിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.പ്രവാസികൾക്ക് സുരക്ഷിതമായി സമ്പാദ്യം ഉറപ്പു വരുത്തുന്ന ഓൺലൈൻ ചിട്ടികൾക്കായി പ്രവാസി ഡിജിറ്റൽ ബിസിനസ്സ് സെന്റർ പ്രവർത്തിക്കുന്നു. കേരളത്തിന്റെ വികസന പദ്ധതികളുമായി ബന്ധപ്പെടുത്തി 1000 കോടി രൂപ പ്രവാസി ഡിജിറ്റൽ ബിസിനസ്സ് സെന്ററിന്റെപ്രവർത്തനത്തിലൂടെ കിഫ്ബിയിൽ നിക്ഷേപിക്കാൻ കഴിഞ്ഞിട്ടുണ്ട്.കെ.എസ്.എഫ്.ഇ. യുടെ സേവനം ശക്തിപ്പെടുത്തുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായും ഇടപാടുകാരുമായി കൂടുതൽ ആശയവിനിമയം നടത്തുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായും ടോൾഫ്രീ നമ്പർ ഉപയോഗിച്ച് കസ്റ്റമർ റിലേഷൻ മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | യൂണിറ്റിന്റെ പ്രവർത്തനം നടന്നു വരുന്നു.കെ.എസ്.എഫ്.ഇ. യുടെ 600 ലധികം വരുന്ന ശാഖകൾ ഭൂരിഭാഗവും നവീകരിക്കുകയും സ്മാർട്ട് ബ്രാഞ്ചുകളാക്കുകയും ചെയ്യുതിലൂടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സഹായിക്കുകയും അതുവഴി മെച്ചപ്പെട്ട സേവനം നൽകുന്നതിന് കഴിയുകയും ചെയ്തിട്ടുണ്ട്.<br><br>വിഷൻ 2025 എന്ന പദ്ധതി ആവിഷ്കരിച്ചുകൊണ്ട് 2025 ഓടെ 1000 ശാഖകൾ, 1 ലക്ഷം കോടി ടേൺ ഓവർ, 1 കോടി ഇടപാടുകാർ എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ. യെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | കെ.എഫ്.സി, കെ.എസ്.എഫ്.ഇ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ ലോണുകൾ കാലതാമസം കൂടാതെയും നടപടിക്രമങ്ങൾ ലഘൂകരിച്ചും നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ബി) | സംരംഭകന് കെ.എഫ്.സി ഓഫീസ് സന്ദർശിക്കാതെ തന്നെ ഓൺലൈൻ വഴി വായ്പയ്ക്ക് അപേക്ഷിക്കുവാനും, തുടർ നടപടികൾ എല്ലാം ഓൺലൈനായി നടത്തുന്നതിനുമുള്ള സൗകര്യം ലഭ്യമാണ്. ബ്രാഞ്ചുകൾ പ്രോസസ്സ് ചെയ്തിരുന്ന വായ്പ പരിധി 2 കോടി രൂപ വരെയായിരുന്നത് 10 കോടി രൂപയായി വർദ്ധിപ്പിച്ചു. 10 കോടി രൂപയ്ക്ക് മുകളിലുള്ള വായ്പ കൈകാര്യം ചെയ്യുന്നതിനായി രണ്ട് ലാർജ് ക്രെഡിറ്റ് ബ്രാഞ്ചുകൾ രൂപീകരിച്ചു.കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ ധനകാര്യ സ്ഥാപനമായകെ.എസ്.എഫ്.ഇ. കുറഞ്ഞ പലിശ നിരക്കിൽ നിരവധി വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസ ജീവിതം അവസാനിപ്പിച്ച് കേരളത്തിലേയ്ക്ക് തിരിച്ചെത്തിയ മലയാളികൾക്ക് നവജീവിതം ഉറപ്പു വരുത്തുന്നതിനായി കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ കെ.എസ്.എഫ്.ഇ. യും നോർക്ക റൂട്ട്സും ചേർന്ന് കെ.എസ്.എഫ്.ഇ. നോർക്ക റൂട്ട്സ് പ്രവാസി ഭദ്രത മൈക്രോ സ്കീം എന്ന പേരിൽ ഒരു പുതിയ വായ്പാ പദ്ധതിയ്ക്ക് രൂപം നൽകി. പലിശയിൽ 3 % സബ്സിഡിയോടു കൂടി 6% നിരക്കിലാണ് വായ്പ നൽകിയത്. ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപയാണ് വായ്പയായി നൽകിയത്.7942 സംരംഭങ്ങൾക്കായി 378 കോടി രൂപ വായ്പയായി നൽകുകയുണ്ടായി. സ്ത്രീകളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ മറികടക്കുന്നതിനായി അവരുടെ പെട്ടെന്നുള്ള സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് 5 % നിരക്കിൽ ലഭ്യമാകുന്ന അജയ്യ സ്വർണ്ണ പണയ വായ്പ നടപ്പിലാക്കി.1 വർഷത്തേയ്ക്ക് 4.9 % പലിശ നിരക്കിൽ തവണ വ്യവസ്ഥകളായി അടച്ചു തീർക്കാവുന്ന ജനമിത്രം ഗോൾഡ് ലോൺ ഇടപാടുകാർക്കിടയിൽ വളരെയധികം |

| | | | |
|---|---|---|---|
| | | | സ്വീകാര്യതയുള്ളതാണ്. പ്രതിദിനം ഒരാൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ഈ പദ്ധതിയിലൂടെ നൽകി വരുന്നു.ഇതു കൂടാതെ സാധാരണ സ്വർണ്ണപ്പണയ വായ്പയുടെയും പലിശ നിരക്ക് പലഘട്ടങ്ങളായി കുറയ്ക്കുകയുണ്ടായി. നിലവിൽ 8.9% നിരക്കിലാണ് കെ.എസ്.എഫ്.ഇ. ഗോൾഡ് ലോൺ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ